**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1103** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ നടന്നുവരുന്ന കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ നിർവഹണ പുരോഗതി അറിയിക്കാമോ; | (എ) | ഹരിപ്പാട് മണ്ഡലത്തിലെ കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ നിർവഹണ പുരോഗതി അനുബന്ധം 1 ആയി ചേർക്കുന്നു<br><br>G.O(Rt)No.142/2017/WRD തീയതി 22/02/2017 പ്രകാരം ആലപ്പുഴ ജില്ലകളിലെ ഗ്രോയിൻ പാടങ്ങളുടെ (അമ്പലപ്പുഴ ,പതിയങ്കര ,ആറാട്ടുപുഴ ,വട്ടച്ചാൽ ,കാട്ടൂർ) നിർമ്മാണത്തിനായി 121.65 കോടി രൂപയുടെ പ്രവൃത്തികൾ കിഫ്ബി വഴി നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ ഉള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് മദ്രാസ് ഐ.ഐ.ടി.യെ കൊണ്ടു പഠനം നടത്തി, അവർ നൽകിയ ഡിസൈൻ അനുസരിച്ചു KIIDC മുഖേന സമർപ്പിച്ച DPR പ്രകാരം കിഫ്ബിയിൽ നിന്ന് 184.04 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചു . ഇതിൽ ആറാട്ടുപുഴ പഞ്ചായത്തിലെ ആറാട്ടുപുഴ പദ്ധതിക്ക് (28.52 കോടി - 21 പുലിമുട്ട് ),വട്ടച്ചാൽ (30.67 കോടി - 16 പുലിമുട്ട് ),പതിയങ്കര പദ്ധതിക്ക് (21.64 കോടി - 13 പുലിമുട്ട് ) എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു. പദ്ധതിയിൽ ആറാട്ടുപുഴയിൽ 1.20 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിന് വേണ്ടി 21 പുലിമുട്ടുകളും 40 മീറ്റർ നീളത്തിലുള്ള കടൽഭിത്തിയുടെയും , വട്ടച്ചാലിൽ 1.80 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിന് വേണ്ടി 16 പുലിമുട്ടുകളുടെ നിർമ്മാണം, തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ 1.50 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിന് വേണ്ടി 13 പുലിമുട്ടുകളുടെ നിർമ്മാണം എന്നിവ 15-05-2025 ൽ പൂർത്തീകരിച്ചു. ഈ പ്രദേശങ്ങളിൽ 50 പുലിമുട്ടുകളുടെ നിർമ്മാണമാണ് പൂർത്തീകരിച്ചത്.<br><br>കിഫ്ബിയുടെ ധനസഹായത്തോടെ രണ്ടാം ഘട്ടം തീരദേശ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിപ്പാട് മണ്ഡലത്തിലെ വട്ടച്ചാൽ-നെല്ലാനിക്കൽ |

| | | | |
|---|---|---|---|
| | | | ഭാഗത്ത് 473 മീറ്റർ നീളത്തിൽ 4 പുലിമുട്ടുകളാണ് ശിപാർശ ചെയ്തിട്ടുള്ളത്. ടെട്രാപോഡുകളുടെ കാസ്റ്റിംഗ് പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിക്കുകയാണ്. |
| (ബി) | എ.ഡി.ബി., ലോക ബാങ്ക് സഹായത്തോടെ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; ഈ പ്രോജക്ടുകളുടെ തൽസ്ഥിതി സംബന്ധിച്ച വിശദാംശം അറിയിക്കാമോ; | (ബി) | എ.ഡി.ബി., ലോക ബാങ്ക് സഹായത്തോടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ മിഷൻ ഡയറക്ടറേറ്റ് മുഖേന സ്വീകരിച്ച് വരുന്നു. ആയതിൽ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>Protection for coastal stretch of length 7.3 km from Thottappally estuary to location near Thrikkunnapuzha Sree. Mahavishnu Temple in Thrikkunnapuzha GP.<br><br>Protection for coastal stretch of length 2.2 km Mangalam to Arattupuzha in Arattupuzha GP.<br><br>Protection for costal stretch of length 1.6 km Kallikkad to Vattachal<br><br>Protection for coastal stretch of length 5.4 km from Ramancherry to Valiyazhikkal Beach estuary in Aarattupuzha GP. |
| (സി) | തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന അതിരൂക്ഷമായ കടലാക്രമണം നേരിടുന്നതിന് കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനും കൂടുതൽ പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | തൃക്കുന്നപ്പുഴ പഞ്ചായത്തിൽ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലുകൾ അനുബന്ധം 2 ആയി ചേർക്കുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം – 1

| SL. No. | File No. | NAME OF WORK | Amount ( In Lakhs ) | Length in Metre | REMARKS |
|---|---|---|---|---|---|
| 1 | IRR/IA/EST/6636/2023_5_1_1 | GENERAL-ASE Work- Reformation of damaged sea wall at Pathiyankara in between CESCP No 568 to 569 of ThrikkunnapuzhaPanchayath in Haripad constituency.-General Civil Work | 46.00 | 97.00 m | Work Tendered |
| 2 | IRR/IA/EST/5661/2024 | GENERAL-ASE-Urgent protection work at CESCP No. 569 to CESCP No. 570 in Pranavam junction of ThrikkunnapuzhaPanchayath of Haripad LAC | 21.00 | 40.00 m | Work Tendered |
| 3 | IRR/IA/EST/2282/2025_5_8_7 | GENERAL-ASE works 2025-26 Urgent protection work using geo-bag in between CESCP No 520and CESCP No. 521in Perumpally in Arattupuzha Panchayath of Haripad LAC | 12.00 | 93.00 m | Work in progress |
| 4 | IRR/IA/EST/4112/2025_5_2_1 | GENERAL-ASE works 2025-26 Urgent protection work using geo-bag in between CESCP No 551and CESCP No. 553near Karthika Junction in Arattupuzha Panchayath of Haripad LAC | 15.9 | 125.00 m | In Agreement Stage |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 2

| | Emergency works Proposal submitted using Geobags(NON PLAN HEAD- 2711-02-103-99-00-00 NV -) | | | |
|---|---|---|---|---|
| | **File No.** | **NAME OF WORK** | **Amount ( In Lakhs)** | **Length in Metre** |
| 1 | IRR/IA/EST/2936/2024__5_1_1 | GENERAL-ASE Works-Urgent Protection work using Geobag in between CESCP NO.566 to CESCP NO.567 Behind Peeling shed at Pathiyankara in Thrikkunnappuzha Panchayath of Harippad LAC.-General Civil Work | 19.40 | 150.00 |
| 2 | IRR/IA/EST/2937/2024_5_1_1 | GENERAL-ASE Works-Urgent Protection work using Geobag in between CESCP NO.576 to CESCP NO.577 at Pallipattumuri in Thrikkunnappuzha Panchayath of Harippad LAC.-General Civil Work | 26.50 | 205.00 |
| 3 | IRR/IA/EST/2939/2024_5_1_1 | GENERAL-ASE Works-Urgent Protection work using Geobag in between CESCP NO.580 to CESCP NO.581 at Chelakkad in Thrikkunnappuzha Panchayath of Harippad LAC.-General Civil Work | 13.00 | 100.00 |
| 4 | IRR/IA/EST/5281/2023_5_1_1 | Urgent Protection work using Geobag in between CESCP NO.573 TO CESCP.NO.576 at Thrikkunnappuzha in Thrikkunnappuzha panchayath of Harippad LAC. | 26.00 | 200.00 |
| 5 | IRR/IA/EST/5282/2023_5_1_1 | Urgent Protection work using Geobag in between CESCP NO.577 TO CESCP.NO.579 at Pallipattumuri in Thrikkunnappuzha panchayath of Harippad LAC. | 28.00 | 216.00 |
| 6 | IRR/IA/EST/5283/2023_5_1_1 | Urgent Protection work using Geobag in between CESCP NO.567 TO CESCP.NO.570 at Pathiyankara in Thrikkunnappuzha panchayath of Harippad LAC. | 22.00 | 170.00 |
| 7 | IRR/IA/EST/444/2023_5_1_1 | Reformation of damaged sea wall at Chelakkadu in between CESCP No 579 TO CESCP No 584 of ThrikkunnapuzhaPanchayath in Haripad constituency | 75 | 112.00 |

| | | | | |
|---|---|---|---|---|
| 8 | IRR/IA/EST/4243/2022_5_1_1 | ASE Work: Reformation of damaged sea wall at Thrikkunnapuzha in between CESCP No 573 to 576 of ThrikkunnapuzhaPanchayath in Haripad constituency | 80 | 119.50 |
| 9 | IRR/IA/EST/7168/2022_5_1_1 | Reformation of damaged sea wall at Kottemuri in between CESCP No 570 to 573 of Thrikkunnapuzha Panchayath in Haripad constituency | 85 | 123.50 |

സെക്ഷൻ ഓഫീസർ